കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ നഗരസഭയിൽ യു.ഡി. ക്ലർക്കായിരുന്ന ശ്രീ. റ്റി. റ്റി. മാധവനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.242/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.01.2017.

==========================================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 31.12.2013 തീയതിയിലെ E13(VE14/2010/KNR)25662/10) നമ്പർ കത്ത്.
2) 11.05.2015 തീയതിയിലെ 31459/ഇയു2/14/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) റിട്ടയേർഡ് മുനിസിപ്പൽ സെക്രട്ടറി ശ്രീ. റ്റി.റ്റി. മാധവന്റെ 29.06.2015 ലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 03.10.2016 തീയതിയിലെ വി2-11038/15 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നു പ്രകാരമുള്ള വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭയിൽ 15.12.2008 ന് നടന്ന വിജിലൻസ് പരിശോധനയിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ബി.എ. 258/85-86 നമ്പർ ഫയൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് അന്ന് യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. റ്റി.റ്റി. മാധവന് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ, തന്റെ സർവ്വീസ് കാലത്തിനിടയ്ക്ക് പ്രസ്തുത ഫയൽ ഒരിക്കൽപ്പോലും കണ്ടിട്ടില്ല എന്നും 2001 ൽ ചുമതലയേൽക്കുമ്പോൾ 1995 മുതലുള്ള ഫയലുകൾ മാത്രമാണ് തനിയ്ക്ക് കൈമാറിയിട്ടുള്ളതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

2. മേൽ പ്രതിവാദ പത്രിക സംബന്ധിച്ച് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം 3 ലെ റിപ്പോർട്ടിൽ ടിയാന്റെ മറുപടിയിലെ വാദങ്ങൾ

അന്വേഷണത്തിൽ ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അംഗീകരിക്കാവുന്നതാണെന്നും, ആയതിനാൽ ലഭ്യമായ രേഖകളും ടിയാൻ 28.02.2015 ൽ വിരമിച്ചിട്ടുള്ളതാണെന്നുമുള്ള വസ്തുതയും പരിഗണിച്ച് ടിയാനെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

3. മേൽ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിലെ റിപ്പോർട്ടും, ശ്രീ. റ്റി.റ്റി. മാധവൻ 28.02.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചതാണെന്നുമുള്ള വസ്തുതയും പരിഗണിച്ച് കണ്ണൂർ നഗരസഭയിൽ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. റ്റി റ്റി. മാധവനെതിരെ പരാമർശം രണ്ട് പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. റ്റി.റ്റി. മാധവൻ, യു.ഡി. ക്ലർക്ക്, കണ്ണൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിജിലൻസ് (ഡി) വകുപ്പ്
(09/12/2016 ലെ 11430/D1/2016/വിജി. നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**